**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5427** | **15-03-2023 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകളിലെ അദ്ധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ഓരോ സർവകലാശാലയിലെയും പഠന വകുപ്പുകളിൽ അദ്ധ്യാപക തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും നിലവിൽ എത്ര പേർ ഈ ഒഴിവുകളിൽ ഗസ്റ്റ് / കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിതരായിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | **കേരളാ സർവകലാശാലയിൽ** അദ്ധ്യാപക തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ **-103**<br><br>കരാർ അടിസ്ഥാനത്തിൽ നിയമിതരായവർ 94<br><br>ഗസ്റ്റ് അടിസ്ഥാനത്തിൽ നിയമിതരായവർ **- 133**<br><br>**എം .ജി സർവകലാശാലയിൽ** അദ്ധ്യാപക തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ -22<br><br>2022-23 അദ്ധ്യയന വർഷം താൽക്കാലിക ഒഴിവുകളിൽ 67 ഗസ്റ്റ് അധ്യാപകരെ നിയമിച്ചിട്ടുണ്ട്.<br><br>**കൊച്ചി സർവകലാശാലയിൽ** അദ്ധ്യാപക തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ -283<br><br>കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ - 155<br><br>**കാലിക്കറ്റ് സർവകലാശാല**യിലെ പഠന വകുപ്പുകളിൽ നിലവിലുള്ള ഒഴിവുകൾ - 67<br><br>നിലവിൽ പഠനവകുപ്പുകളിൽ 72 പേർ ഗസ്റ്റ് /Hourly/visiting അടിസ്ഥാനത്തിലും 3 പേർ കരാർ അടിസ്ഥാനത്തിലും ജോലി ചെയ്യുന്നുണ്ട്.<br><br>**കണ്ണൂർ സർവകലാശാലയിലെ** പഠന വകുപ്പിൽ 61 ഒഴിവുകൾ നിലവിലുണ്ട് . 40 കോൺട്രാക്ട് അധ്യാപകരെ നിയമിച്ചിട്ടുണ്ട്.<br><br>**കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത** സർവ്വകലാശാലയിലെ അദ്ധ്യാപക തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ -54<br><br>ടി ഒഴിവുകളും , പഠനവകുപ്പുകളിലെ വർക്ക് ലോഡും കണക്കാക്കി 198 ഗസ്റ്റ്/കരാർ അധ്യാപകരെ നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവകലാശാല**യിൽ അദ്ധ്യാപക തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ 8 .<br><br>8 ഗസ്റ്റ് അധ്യാപകരെ നിയമിച്ചിട്ടുണ്ട്.<br><br>**നുവാൽസ് (NUALS) സർവകലാശാല**യിൽ അദ്ധ്യാപക തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ -5<br><br>3 ഗസ്റ്റ് അധ്യാപകരെയും 1 കോൺട്രാക്ട് അധ്യാപകനെയും നിയമിച്ചിട്ടുണ്ട്.<br><br>**ശ്രീ നാരായണ ഗുരു ഓപ്പൺ സർവകലാശാല**യിൽ കരാർ അടിസ്ഥാനത്തിൽ 42 അസിസ്റ്റന്റ് പ്രൊഫസർമാർ നിയമിതരായിട്ടുണ്ട്. |
| (ബി) | ഇങ്ങനെ നിയമനം ലഭിച്ചവരിൽ യു.ജി.സി.നിർദേശിച്ചിട്ടുള്ള അദ്ധ്യാപക തസ്തിക യോഗ്യത ഇല്ലാത്തവർ എത്ര പേർ ഉണ്ടെന്ന് സർവകലാശാല തിരിച്ച് വ്യക്തമാക്കാമോ; | (ബി) | **കേരളാ സർവകലാശാല**യിലെ School of Distance Education നിൽ യു.ജി.സി അദ്ധ്യാപക യോഗ്യത ഇല്ലാത്ത 2 ഗസ്റ്റ് അധ്യാപകരുണ്ട്.<br><br>**എം .ജി സർവകലാശാലയിൽ** യു.ജി.സി അദ്ധ്യാപക യോഗ്യത ഇല്ലാത്ത 13 ഗസ്റ്റ് അധ്യാപകരുണ്ട് .<br><br>**കാലിക്കറ്റ് സർവകലാശാല**യിൽ യു.ജി.സി അദ്ധ്യാപക യോഗ്യത ഇല്ലാത്ത ഒരാൾ ജോലി ചെയുന്നുണ്ട്.<br><br>**കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല**യിൽ നിലവിലുള്ള ഗസ്റ്റ്/കരാർ അദ്ധ്യാപകരിൽ UGC (NET/Ph.D)യോഗ്യത<br><br>ഇല്ലാത്തവർ - 11 |
| (സി) | യോഗ്യത ഇല്ലാത്തവർ ഉണ്ടെങ്കിൽ അത് സംബന്ധിച്ച് എന്ത് തുടർ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | യു ജി സി യോഗ്യത ഉള്ളവരുടെ അഭാവത്തിൽ മാത്രമാണ് ഇത്തരത്തിലുള്ള നിയമനം നടത്തിയിട്ടുള്ളത് . യോഗ്യത ഉള്ള അദ്ധ്യാപകർ തുടർ അഭിമുഖങ്ങൾക്കു ഹാജരാകുന്ന മുറയ്ക്ക് അവരെ പരിഗണിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ